**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **29-09-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | അയൽസംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി കൊണ്ടുവരുന്ന പച്ചക്കറിയുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ഇപ്രകാരം കൊണ്ടുവരുന്ന പച്ചക്കറികളിൽ അമിതമായ കീടനാശിനിയുടെ സാന്നിധ്യം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന പച്ചക്കറിയുടെ സാമ്പിളുകൾ ഉൾപ്പെടെ കേരള കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധനക്ക് വധേയമാക്കുകയും റിപ്പോർട്ട പൊതുജന അറിവിലേക്ക്, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ തിരുവനന്തപുരം വെള്ളായണി, തൃശ്ശൂർ വെള്ളാണിക്കര, കാസർഗോഡ് പടന്നക്കാട്, കോട്ടയം ആർ.എ.ആർ.എസ്. കുമരകം എന്നിവിടങ്ങളിലാണ് ലാബുകൾ പ്രവർത്തിച്ച് വരുന്നത്.<br><br>ടി റിപ്പോർട്ട് പ്രകാരം 2024-25 വർഷം 16.06% പച്ചക്കറി സാമ്പിളുകളിൽ കീടനാശിനി സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 5 % ത്തിൽ താഴെ പച്ചക്കറി സാമ്പിളുകളിലാണ് പരിധിക്കുമുകളിൽ കീടനാശിനി സാനിദ്ധ്യം കണ്ടെത്തിയത്. ഇത് തടയുന്നതിനായി പരിശോധനാ സംവിധാനം ശക്തപ്പെടുത്തുകയും സാമ്പിളുകൾ ശേഖരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ 4500 സാമ്പിളുകളും, വെള്ളാനിക്കര ലാബിൽ 980 |

| | | | |
|---|---|---|---|
| | | | സാമ്പിളുകളും, പടന്നക്കാട് ലാബിൽ 562 സാമ്പിളുകളുടെയും പരിശോധന നടത്തിയിട്ടുണ്ട്.<br><br>ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി അവശിഷ്ട വിഷാംശത്തെക്കുറിച്ചുള്ള ബോധവൽക്കരണം കാർഷിക സർവകലാശാല നിരന്തരം നൽകി വരുന്നു. ഇതോടൊപ്പം പഴം -പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട വിഷാംശം എളുപ്പത്തിൽ എങ്ങനെ മാറ്റിയെടുക്കാം എന്നതിനെ കുറിച്ച് ഗവേഷണം നടത്തുകയും പഠന ഫലങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുകയും ചെയ്തു വരുന്നു. തുടർച്ചയായി കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് വഴി ഏറ്റവും കൂടുതൽ കീടനാശിനി സാന്നിധ്യം കണ്ടെത്തുന്ന പച്ചക്കറികൾ ഏതെന്നു മനസിലാക്കുവാനുള്ള അവസരം പൊതു ജനങ്ങൾക്കും കർഷകർക്കും ലഭിക്കുന്നു. |
| (സി) | പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | പച്ചക്കറി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ “സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം“ എന്ന പേരിൽ ഒരു ജനകീയ പദ്ധതി വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. അടുത്ത 5 വർഷം കൊണ്ട് കേരളത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിക്കുവാനാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിലെ കൃഷി വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി, പൊതുജന പങ്കാളിത്തത്തോടെ ജനകീയ കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നു. 'നവോ-ഥാൻ' പദ്ധതി വഴി പുതിയ തരിശു കൃഷിയിടങ്ങൾ കണ്ടെത്തിയും നവീന കൃഷി രീതികൾ അവലംബിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചും ഉയർന്ന ഉല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിച്ചേരുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ